(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-13/1246/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ, തീയതി:29.11.2018
Ph:0486 2227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അറക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- അറക്കുളം ഗ്രാമപഞ്ചായത്ത് - 2017-2018 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്-

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ- 13/1246/2018 തീയതി:29.11.2018

# ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.07.2017 മുതൽ 07.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഈ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.സിനി എം.വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.10.2018 മുതൽ 20.10.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.മരുൺ മാത്യു, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജിബി ഇ.വി, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എബി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.മായാ കൃഷ്ണൻ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ടോമി ജോസ് | 01.04.2017 മുതൽ 31,03.2018 വരെ |
| സെക്രട്ടറി | ശ്രീ.കെ.വി.കുര്യാക്കോസ് | 01.04.2017 മുതൽ 19.06.2017വരെ |
| | ശ്രീ.തുളസീധരൻ പിള്ള പി.എസ് | 20.06.2017 മുതൽ31.03.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.ബാബു സി.കെ | 01.04.2017 മുതൽ 31.03.2018വരെ |
| അസി.സെക്രട്ടറി | ശ്രീ.പ്രദീപ് എസ് | 01.04.2017മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ആഷ് ലി മറിയം ജോർജ് | 01.04.2017മുതൽ 17.07.2017വരെ |
| | ശ്രീ.മാർട്ടിൻ തോമസ് | 18.07,2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ഷെമീന | 01.04.2017മുതൽ 27.11.2017വരെ |
| | ശ്രീമതി.ബിന്ദു എ.എസ് | 28.11.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.കെ.സി.ചാക്കോ | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ബീന എം.എസ് | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം) | ഡോ.ഷീന എം.കെ | 01.04.2017മുതൽ 02.08.2017വരെ |
| | ഡോ.ജീന മേരി വർഗ്ഗീസ് | 03.08.2017 മുതൽ 31.03.2018വരെ |
| വി.ഇ.ഓ | ശ്രീതി ജയലളിത പി.കെ | 01.04.2017 മുതൽ 31.03.2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ,പി ആർ നാരായണൻ | 01.04.2017മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജസ്റ്റിൻ ജേക്കബ് അധികാരം | 01.04.2017 മുതൽ 11.07.2017വരെ |
| | ഡോ.മറിയാമ്മ തോമസ് | 12.07.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.അന്ന വസന്ത് | 01.04.2017മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ഭാഗം-1 | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |

| | | |
|---|---|---|
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം-2 | | |
| 13 | 2-1 | കംഫർട്ട് സ്റ്റേഷൻ കുത്തകാവകാശം-ലേലത്തുക പൂർണമായി ഒടുക്കിയില്ല- |
| 14 | 2-2(എ) | വസ്തു നികതി ഇനത്തിൽ വൻ കുടിശിക |
| 15 | 2-2(ബി) | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാനവശേഷിക്കുന്നു |
| 16 | 2-2(സി) | വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല |
| 17 | 2-2(ഡി) | വസ്തു നികുതി -പ്രയർ പിരീഡ് ഐറ്റമായി സാംഖ്യയിൽ കുറവു ചെയ്തിരിക്കുന്നു. |
| 18 | 2-3 | പൊളിച്ചെടുത്ത ആസ്ബെസ്റ്റോസ് ഷീറ്റുകൾ വിൽപന നടത്തിയില്ല |
| 19 | 2-4 | ഡി&ഒ ലൈസൻസ്, പ്രൊഫഷൻ ടാക്സ് എന്നിവ ഈടാക്കിയിട്ടില്ല |
| ഭാഗം-3 | | |
| 20 | 3-1 | ഗുണനിലവാരം കുറഞ്ഞ ടൈൽ ഉപയോഗിച്ച് റോഡ് പ്രവൃത്തി നടത്തിയിരിക്കുന്നു |
| 21 | 3-2 | പ്രിന്റിംഗ് ചാർജ് -ടെണ്ടർ ക്ഷണിച്ചില്ല |
| 22 | 3-3 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് - പദ്ധതി ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും തുക നൽകിയത് തിരിച്ചടച്ചില്ല |
| 23 | 3-4 | മുൻകൂർ തുക നൽകിയെങ്കിലും പണി പൂർത്തികരിച്ചിട്ടില്ല തടസ്സം |
| 24 | 3-5 | വിനിയോഗവിവരം ലഭ്യമല്ല ചെലവ് തടസ്സം₹ 1847743 |
| 25 | 3-6 | മഴക്കാല പൂർവ്വ ശുചീകരണം -രേഖകൾ ഹാജരാക്കിയില്ല |
| 26 | 3-7 | ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല. |

| | | |
|---|---|---|
| 27 | 3-8 | പാലിയേറ്റീവ് കെയർ പ്രോജക്ട് - മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നില്ല |
| 28 | 3-9 | മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല |
| 29 | 3-10 | തൊഴിലുറപ്പ് പദ്ധതി |
| 30 | 3-11 | തെരുവ് വിളക്കുകൾക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 31 | 3-12 | വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച് |
| 32 | 3-13 | ആശ്രയ -അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു |
| 33 | 3-14 | ഇ.എം.എസ്.ഭവന പദ്ധതി- അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നു. |
| ഭാഗം-4 | | |
| 34 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 35 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 36 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 37 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 38 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 39 | 4-6 | ഓഡിറ്റ് റിക്കവറി |
| 40 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 41 | 4-8 | ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിശദാംശം |
| 42 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 43 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 44 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 45 | അനുബന്ധം-2 | ഓഡിറ്റഡ് അബ്സ്ട്രാക്റ്റ് |

| | | |
|---|---|---|
| | | 1) റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>2) ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>3) ബാലൻസ് ഷീറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-2018വർഷത്തെ ബജറ്റ് 23.3.17-ലെ 1ാംനമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 23.02.2018 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 30.04.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.06.2018 മുതൽ<br>12.06.2018 വരെ | കെ.എസ്. എ-ഐ.ഡി.കെ.3/677/2018(14)<br>തിയതി. 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14801923 |
| വരവ് | 98246618 |
| ആകെ | 113048541 |
| ചെലവ് | 101445520 |
| നീക്കിയിരിപ്പ് | 11603021 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം (ACR പ്രകാരം) | | 0 | 20397000 | 20397000 | 18561371 | 1835629 |
| വികസനഫണ്ട് -എസ്.സി.പി. (ACR പ്രകാരം) | | 0 | 3752707 | 3752707 | 3688560 | 64147 |
| വികസനഫണ്ട് -ടി.എസ്.പി. (ACR പ്രകാരം) | | 0 | 12096084 | 12096084 | 12454497 | (-)358413 |
| സംരക്ഷണഗ്രാന്റ് റോഡ്(ACR പ്രകാരം) | | 0 | 6659000 | 6659000 | 6408999 | 250001 |
| സംരക്ഷണഗ്രാന്റ് നോൺറോഡ്(ACR പ്രകാരം) | | 0 | 4542000 | 4542000 | 3565577 | 976423 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | | 0 | 9579100 | 9579100 | 9573962 | 5138 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)(ACR പ്രകാരം) | | 0 | 3226900 | 3226900 | 2989669 | 237231 |
| എം.ജി.എൻ. ആർ.ഇ.ജി. എസ് | തൊഴിലാളികളുടെ കൂലി | - | 23373150 | 23373150 | 23373150 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 401256 | 1239297 | 1640553 | 1607030 | 33523 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ഇനം തിരിച്ച് | | | | | | |
| വെസ്റ്റേൺ ഗട്ട് | | 0 | 57500 | 57500 | 0 | 57500 |
| എൻ.ആർ.എച്ച്.എം | | 285200 | 0 | 285200 | 0 | 285200 |
| ഐ.സി.ഡി.എസ് | | 959098 | 802789 | 1761887 | 532202 | 1229685 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വ മിഷൻ | | 0 | 209869 | 209869 | 184869 | 25000 |
| ജലനിധി | | 3919281 | 13984032 | 17903313 | 16041509 | 1861804 |
| വിമുക്തി | | 25000 | 0 | 25000 | 0 | 25000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ളോക്ക്പഞ്ചായത്ത് | 0 | 1320000 | 1320000 | 1049950 | 270050 |
| | ജില്ലാപഞ്ചായത്ത് | 0 | 242500 | 242500 | 242500 | 0 |
| | പട്ടിക വർഗ്ഗ വികസന വകുപ്പ് | 0 | 1683000 | 1683000 | 1683000 | 0 |
| ബി ഫണ്ട് | | | 53352980 | 53352980 | 53352980 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 2074236 | 7370000 | 9444236 | 9338577 | 105659 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6979086 | 10008009 | 16987095 | 9425675 | 7561420 |
| | ട്രഷറി അക്കൗണ്ട് | 0 | 30920 | 30920 | 30920 | 0 |
| ഗുണഭോക്തൃ വിഹിതം | | 1800 | 1213398 | 1215198 | 1202139 | 13059 |
| എസ്.റ്റി തൊഴിൽ പരിശീലനം | | 28800 | 0 | 28800 | 0 | 28800 |
| ആധാർ ഇൻസെന്റീവ് | | 135 | 0 | 135 | 0 | 135 |

29.03.2018ൽ ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നും 2632950/-രൂപയും ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും 29.03.2018ൽ 779847/-രൂപയും സർക്കാർ തിരിച്ചുപിടിക്കുകയും 07.04.2018ൽ തിരികെ നൽകുകയും ചെയ്തു. ആയതിനാൽ ടിയിനങ്ങളിൽ 31.03.2018-ലെ നീക്കിയിരിപ്പ് തുകകൾ യഥാക്രമം 270050/-രൂപയും 105659/-രൂപയുമാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 89691711 | 157 | 59738966 | 32 | 28 | 78.65 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 401256 | 1239297 | 1640553 | 1607030 | 33523 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 23373150 | 23373150 | 23373150 | - |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23280 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 894100 | 81 |
| വിധവാപെൻഷൻ | 6806900 | 618 |
| വാർദ്ധക്യകാലപെൻഷൻ | 19806800 | 1677 |
| വികലാംഗപെൻഷൻ | 25551900 | 227 |
| അവിവാഹിതർക്കുള്ള പെൻഷൻ | 270000 | 32 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

08.10.2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7710/-രൂപ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൗണ്ടിംഗ് അപാകതകളുള്ളതാണെന്ന് കാണകയുണ്ടായി. വിശദാംശങ്ങൾ ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ട്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് സാക്ഷ്യപ്പെടുത്തലുകളോടെ തൻപതിവേട് സൂക്ഷിക്കുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകളുടെ അവലോകനം നടത്തുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

<u>രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം</u>

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നതിൽശ്രദ്ധിക്കുന്നുണ്ട്. ഓരോയിനത്തിലെ ഫയലുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

<u>ഓഫീസ് പ്രവർത്തനങ്ങൾ</u>

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു.ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

<u>ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ</u>

15 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.09.2018 മുതൽ 15.09.2018വരെ | 7/2018 | 30.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.09.2009 | 2007-2008മുതൽ 2008-2009വരെ | 09.11.2009 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

തൊഴിൽ നികുതി (ജീവനക്കാർ) RP(1) തൊഴിൽ നികുതി ജീവനക്കാർ കുടിശിക RP-36 കംഫർട്ട് സ്റ്റേഷൻ (വരവ്)

1) RP-36 എന്നിവ വാർഷിക ധനകാര്യപത്രികയിലെ തുകകളും ഡി സി ബി രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2) ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിൽ നീക്കിയിരിപ്പ് വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

3) ആർജ്ജിച്ച ആസ്തികളുടെ മൂല്യം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

4) സ്റ്റോക്ക് രജിസ്റ്റർ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

5) ജവഹർ ഭവന പദ്ധതിയുടെ ലോൺ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

6) വസ്തുനികുതി വരവ് കുടിശ്ശിക എന്നിവ സാംഖ്യ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

7) ASCO ബാങ്ക് അക്കൗണ്ടിൽ നിന്നും 6.2.17-ൽ നൽകിയ ചെക്ക് നം.53651/ 6.2.17തുക ₹500/- നാളിതുവരെ മാറിയിട്ടില്ലെങ്കിലും ആയത് B-9 ഷെഡ്യൂളിൽ stale cheque ആയി ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കംഫർട്ട് സ്റ്റേഷൻ കുത്തകാവകാശം-ലേലത്തുക പൂർണ്ണമായി അടവാക്കിയില്ല

ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷന്റെ കുത്തകാവകാശം ലേലം ചെയ്ത വകയിൽ തുക ഈടാക്കാൻ ബാക്കി നിൽക്കുന്നു. വിശദ വിവരം താഴെ സൂചിപ്പിക്കുന്നു.

| ലേലം കൊണ്ട ആൾ | ലേലത്തുക+ ജി.എസ്.ടി | അടവാക്കിയ തുക | ശേഷിക്കുന്ന തുക (രജിസ്റ്റർ പ്രകാരം) |
|---|---|---|---|
| ലീലാമ്മ കെ. അമ്പലക്കാട്ടിൽ | 26500+ 4700 | 25730+ 4700 | 770/- |

കരാർ ചമച്ചാണ് മുറി വാടകയ്ക്ക് നൽകിയിരിക്കുന്നത്. നിലവിലും ടി വാടകക്കാരൻ തുടരുന്നതിനാൽ വാടകക്കാരനിൽ നിന്ന് കുടിശിക ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2(എ) വസ്തു നികുതി ഇനത്തിൽ വൻകുടിശിക

പഞ്ചായത്തിലെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ B15 പത്രിക പ്രകാരം വസ്തു നികുതി ഇനത്തിൽ ഗണ്യമായ കുടിശിക നിലനിൽക്കുന്നു. വിശദ വിവരം താഴെ സൂചിപ്പിക്കുന്നു.

| | |
|---|---|
| പാർപ്പിടാവശ്യത്തിനുള്ളത് (തൻ വർഷം) | 95,142/- |
| പാർപ്പിടാവശ്യത്തിനുള്ളത് (കുടിശ്ശിക) | 106,872/- |
| പാർപ്പിടേതര ആവശ്യത്തിനുള്ളത് (തൻവർഷം) | 97,927/- |
| പാർപ്പിടാവശ്യത്തിനുള്ളത് (കുടിശ്ശിക) | 167,357/- |

കുടിശിക പൂർണമായി പിരിച്ചെടുക്കാൻ നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

## 2-2(ബി) മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാനവശേഷിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ 2017-18 വർഷത്തെ വസ്തു നികുതി ഈടാക്കിയിട്ടില്ല. ബി.എസ്.എൻ.എൽ-ന്റെ 2013-14 മുതൽ 2016-17 വരെയുള്ള നികുതിയും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | മൊബൈൽ ടവറിന്റെ പേര് , അഡ്രസ്സ് | 2017-18 വർഷത്തെ കുടിശ്ശികനികുതി ഈടാക്കാനുള്ളത് (സഞ്ചയ പ്രകാരം) | 2013-14 മുതൽ 2016-17 വരെ ഈടാക്കുവാനുള്ള നികുതി (സഞ്ചയ പ്രകാരം) |
|---|---|---|---|
| 1 | എസ്സാർ ടെലികോം പ്രൈവറ്റ് ലിമിറ്റഡ്,എറണാകുളം | 3780 | - |
| 2 | ജനറൽ മാനേജർ , ബി.എസ്.എൻ.എൽ. തിരുവനന്തപുരം | 8250 | 35065 |
| | ആകെ | 12030 | 35065 |

വസ്തു നികുതി കുടിശിക ഉൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2(സി) വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന എസ്.എച്ച്. കോൺവെന്റിനോടനുബന്ധിച്ച് കോളേജ് വിദ്യാർത്ഥികളുടെ താമസാവശ്യത്തിനായി പ്രവർത്തിക്കുന്ന ഹോസ്റ്റൽ, സെന്റ് ജോസഫ് കോളേജിനോടനുബന്ധിച്ചുള്ള ഹോസ്റ്റൽ എന്നിവയിൽ നിന്നും വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതായി കാണുന്നില്ല. ആയത് അടിയന്തിരായി നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-2(ഡി) വസ്തു നികുതി-പ്രയർ പിരീഡ് ഐറ്റമായി സാംഖ്യയിൽ കുറവു ചെയ്തിരിക്കുന്നു.

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ 280100101 എന്ന ഹെഡിൽ പ്രയർ പിരീഡ് ഇൻകം- പ്രോപ്പർട്ടി ടാക്സ്

ഓൺ റെസിഡൻഷ്യൽ ബിൽഡിംഗ് എന്ന ഇനത്തിൽ 480,179/- രൂപ കുറവ് ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8) മറുപടി ലഭിച്ചു. 60 ച.മീറ്ററിൽ കുറവുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തിയപ്പോൾ ഡിമാന്റ് കുറയുകയുണ്ടായി. പ്രസ്തുത വ്യത്യാസം സാംഖ്യയിൽ പരിഹരിക്കുന്നതിന് പ്രയർ പിരീഡ് ഇൻകം ഹെഡിൽ കുറവ് ചെയ്തതാണെന്ന വിശദീകരണമാണ് മറുപടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. കണക്കുകളുടെ കൃത്യത ഉറപ്പാക്കാൻ പ്രസ്തുത വിശദാംശങ്ങൾ അനിവാര്യമാകയാൽ അത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-3 പൊളിച്ചെടുത്ത ആസ്ബെസ്റ്റോസ് ഷീറ്റുകൾ വിൽപന നടത്തിയില്ല

അറക്കുളം ഐ.എച്ച്.ഇ.പി. യു.പി. സ്കൂൾ അറ്റകുറ്റപ്പണി നടത്തിയ വേളയിൽ ലഭ്യമായ പഴയ 105 ആസ്ബെസ്റ്റോസ് ഷീറ്റുകൾ ലേലം ചെയ്യാത്ത വിവരം 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നു. 28-03-2018 ലെ 17/2നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ഷീറ്റുകൾ 3 തവണ ലേലം നടത്തിയിട്ടും ആരും ലേലം കൊള്ളാത്തതിനാൽ ഷീറ്റുകൾ വിൽക്കുന്നതിന് സ്കൂൾ അധികൃതരെ ഏൽപ്പിച്ചുഎന്ന മറുപടിയാണ് ഇതു സംബന്ധമായി നൽകിയ വിശദീകരിക്കുറിപ്പിന് ലഭ്യമാക്കിയത്. ടി ഷീറ്റുകൾ അടിയന്തിരമായി വിൽപന നടത്തി തുക തനത് ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ്, പ്രൊഫഷൻ ടാക്സ് എന്നിവ ഈടാക്കിയിട്ടില്ല

റിസോർട്ടായി പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങൾക്ക് ഡി&ഓ ട്രേഡ് ലൈസൻസ് അനുവദിക്കുകയോ അവയിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമനമ്പർ | ഉടമസ്ഥന്റെ വിവരം | വാർഡ് / വിസ്തീർണ്ണം |
|---|---|---|
| 1 | രാജേഷ് കെ.നായർ,കാഞ്ഞിരക്കാട്ട് വെങ്ങല്ലൂർ | 3/I/204 $M^2$ |
| 2 | ഡോ.ജോൺസ് കുര്യൻ അലയൻസ് റസിഡൻസി എറണാകുളം | 3/J/204 $M^2$ |
| 3 | പ്രീതം കുമാർ, രാധാകൃഷ്ണഭവൻ ചാല പി.ഒ., തിരുവനന്തപുരം | 3/H/204 $M^2$ |

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന വസ്തുത അതീവ ഗൗരവമർഹിക്കുന്നു. ഡി&ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം സാഹചര്യം ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗുണനിലവാരം കുറഞ്ഞ ടൈൽ ഉപയോഗിച്ച് റോഡ് പ്രവൃത്തി നടത്തിയിരിക്കുന്നു.

| | |
|---|---|
| പദ്ധതി | S0169/18, പതിനാലാം വാർഡിലെ പാലക്കാട്ട്കുന്നേൽ കടക്കച്ചിറകുന്നേൽ പുരയിടം റോഡ് അറ്റകുറ്റപ്പണി |
| അടങ്കൽ തുക | 470000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനീയർ |
| കരാർകാരൻ | ശ്രീ. മുരുകൻ എൻ. |
| എം.ബുക്ക് നം. | 38/AE/LSGD/AKLM/17-18 |
| ബിൽ നം. /തീയതി | 56/17-18 തീയതി 15.03.2018 ₹ 399736/- |

അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പതിനാലാം വാർഡിലെ പാലക്കാട്ട്കുന്നേൽ കടക്കച്ചിറകുന്നേൽ പുരയിടം റോഡ് അറ്റകുറ്റപ്പണി എന്ന റോഡ് പ്രവൃത്തിയിൽ 434.161 ച.മീറ്റർ റോഡ് Interlocking concrete block pavement having 80 mm thickness എന്ന ഇനം ഉൾപ്പെട്ടിരുന്നു. 2014 ലെ DSR നിരക്കിന്റെ അടിസ്ഥാനത്തിൽ Observed data പ്രകാരം ച.മീറ്ററിന് ₹831.44/- നിരക്ക് കണക്കാക്കി പ്രവൃത്തി നിർവ്വഹിച്ച് കരാറുകാരന് തുക നൽകുകയും

ചെയ്തിട്ടുണ്ട്. എന്നാൽ അസി. എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ interlocking concrete block 80mm thinkness എന്നതിന് പകരം interlocking concrete block 60mm thickness എന്ന ഇനം ഉപയോഗിച്ചാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ പ്രവൃത്തിയിൽ ഗുണനിലവാരക്കുറവും അനുവദനീയമല്ലാത്ത നിരക്കും നൽകിയിരിക്കുന്നു. ഇതിനായി 2014 ലെ DSRപ്രകാരം തയ്യാറാക്കിയ ഒബ് സേർവ്ഡ് ഡേറ്റാ ചുവടെ കൊടുക്കുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0128 | Mate | Day | 1.00000 | 407.00 | 407.00 |
| 0115 | Coolie | Day | 17.0000 | 368.00 | 6256.00 |
| 0125 | Mason (for plain stone work) 2nd class | Day | 8.00000 | 448.00 | 3584.00 |
| 0057 | Water Tanker 5 to 6 KL Capacity | Hour | 2.00000 | 200.00 | 400.00 |
| MR | Interlocking Tiles 80 mm thick | Sqm | 225.00000 | 466.65 | 104996.25 |
| MR | Water | Kilo litre | 3.00000 | 13.00 | 39.00 |
| 0298 | Stone Aggregate (single size) 06mm nominal size | Cum | 20.73000 | 1300.00 | 26949.00 |
| Total | | | | | 142631.25 |
| Cost for 225.0 per sqm | | | | | 142631.25 |
| Cost for one per sqm | | | | | 633.92 |
| Say | | | | | 633.92 |
| | Add Water Charges @ 1.0% | | | | 6.33 |
| | Add CPOH @ 15.0% | | | | 96.03 |
| | Cost index 49.02% | | | | 95.14 |
| | Total with cost index | | | | 831.44 |
| | Say | | | | 831.44 |

മുകളിൽ കൊടുത്തിരിക്കുന്ന ഡാറ്റായിൽ Interlocking Tiles 80 mm thick എന്ന ഇനം മാർക്കറ്റ് നിരക്ക് എന്ന് രേഖപ്പെടുത്തി 2014 ലെ DSR നിരക്കിലെ code No. 8785 പ്രകാരമുള്ള 80mm thick interlocking tiles ന്റെ നിരക്കായ ₹ 466.65/sqm ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ യഥാർത്ഥ പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ളത് 60mm thick interlocking tile ആയതുകൊണ്ട് 2014 ലെ DSR നിരക്കിലെ code No. 8689 പ്രകാരമുള്ള 60mm thick interlocking tiles ന്റെ നിരക്കായ ₹300/sqm മാത്രമാണ് ഡാറ്റാ തയ്യാറാക്കിയപ്പോൾ ഉൾപ്പെടുത്തുവാൻ കഴിയുന്നത്. ആയത് പ്രകാരം

നൽകാവുന്ന നിരക്ക് താഴെ കൊടുക്കുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0128 | Mate | Day | 1.00000 | 407.00 | 407.00 |
| 0115 | Coolie | Day | 17.0000 | 368.00 | 6256.00 |
| 0125 | Mason (for plain stone work) 2nd class | Day | 8.00000 | 448.00 | 3584.00 |
| 0057 | Water Tanker 5 to 6 KL Capacity | Hour | 2.00000 | 200.00 | 400.00 |
| MR | Interlocking Tiles 80 mm thick | Sqm | 225.00000 | 300 | 67500.00 |
| MR | Water | Kilo litre | 3.00000 | 13.00 | 39.00 |
| 0298 | Stone Aggregate (single size) 06mm nominal size | Cum | 20.73000 | 1300.00 | 26949.00 |
| Total | | | | | 105135.00 |
| Cost for 225.0 per sqm | | | | | 105135.00 |
| Cost for one per sqm | | | | | 467.26 |
| Say | | | | | 467.26 |
| | Add Water Charges @ 1.0% | | | | 4.67 |
| | Add CPOH @ 15.0% | | | | 70.09 |
| | Cost index 49.02% | | | | 95.14 |
| | Total with cost index | | | | 637.16 |
| | Say | | | | 637.16 |

നൽകാവുന്ന നിരക്ക് ₹ 637.16/ച.മീറ്റർ

നൽകിയ നിരക്ക് ₹ 831.44/ച.മീറ്റർ

അധികം നൽകിയ നിരക്ക് (831.44-637.16) ₹ 194.28/ ച.മീറ്റർ

ഈ ഇനത്തിൽ ചെയ്ത പ്രവൃത്തിയുടെ അളവ് 434.161 ച.മീറ്റർ

അധികമായി നൽകിയ തുക (434.161x194.28) ₹ 84348/-

അധികം നൽകിയ തുക ഉത്തരവാദിയായ എൻജിനീയറിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

## 3-2 പ്രിന്റിംഗ് ചാർജ് --ടെണ്ടർ ക്ഷണിച്ചില്ല

| ബിൽ നമ്പർ തിയതി | തുക |
|---|---|
| 26/17-18/20.11.17 | 236109 |
| പ്രോജക്ട് നമ്പർ/പ്രോജക്ടിന്റെ പേര് | 1/17-18/പദ്ധതി രൂപീകരണം |
| വകയിരുത്തൽ | 300000 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി രൂപീകരണം എന്ന പ്രോജക്ടിൽ ആകെ ചെലവ് ₹236109/-യാണ്. ഇതിൽ ₹172970/- പ്രിന്റിംഗ് ചാർജ്ജിനത്തിൽ ചെറുതോണിയിലുള്ള ഫ്രണ്ട്സ് ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് പ്രിന്റ് ചെയ്ത വകയിൽ നൽകിയതാണ്. ആയതിന് ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് പ്രവൃത്തി ഏല്പിക്കുകയാണ് ചെയ്തത്. 08.11.2010 ലെ ജി.ഒ.(പി) 259/2010/ ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 2 (എ) പ്രകാരം ₹25000/-യ്ക്ക് മുകളിൽ വരുന്ന എല്ലാ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിന് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാൽ ₹172970/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും തുക നൽകിയത് തിരിച്ചടച്ചില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ 01.02.2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.)409/16/തസ്വഭവ. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്രഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ ഈയിനത്തിൽ നൽകിയ താഴെ പറയുന്ന തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

തുകകൾ നൽകിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ചെക്ക് നമ്പർ/തീയതി | തുക ₹ |
|---|---|---|
| 1 | 21700891/15.02.2018 | 3000 |
| 2 | 217008923/01.03.2018 | 25000 |
| 3 | 217008924/01.03.2018 | 18500 |
| 4 | 217008925/01.03.2018 | 20000 |
| 5 | 217008926/01.03.2018 | 18500 |
| 6 | 217008927/01.03.2018 | 6000 |

| | | |
|---|---|---|
| 7 | 217008954/09.03.2018 | 3000 |
| 8 | 41700189/14.03.2018 | 9250 |
| 9 | 21700999/14.03.2018 | 10000 |
| 10 | 21701197/19.03.2018 | 4800 |
| 11 | 21701198/19.03.2018 | 530 |
| 12 | 21701205/24.03.2018 | 165 |
| 13 | 21701206/24.03.2018 | 190 |
| | ആകെ | 118935 |

₹118935/- തനത് ഫണ്ടിൽ തിരിച്ചടച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 മുൻകൂർ തുക നൽകിയെങ്കിലും പണി പൂർത്തികരിച്ചിട്ടില്ല

താഴെ പറയുന്ന പ്രവൃത്തി നടത്തുന്നതിന് ഭൂജല വകുപ്പിന് തൻവർഷം മുൻകൂർ തുക നൽകിയിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ |
|---|---|---|---|
| ഭൂജല വകുപ്പ് | കുവപ്പള്ളി പുറപ്പലങ്ങാട് കുടിവെള്ള പദ്ധതി കുഴൽ കിണർ നിർമ്മാണം | 7/17-18/ 12.01.2018 | 250000 |

പ്രവൃത്തി പൂർത്തികരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 വിനിയോഗവിവരം ലഭ്യമല്ല ചെലവ് തടസ്സം₹1847743

താഴെപ്പറയുന്ന തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതികളുടെ പേര്, പദ്ധതി നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽനമ്പർ തിയതി | ചെലവഴിച്ച തുക | തുക നൽകിയതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| 1 | എസ്.എസ്.എ വിഹിതം | സെക്രട്ടറി | 24/15.3.18 | 274556 | എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് |

| | | | | | |
|---|---|---|---|---|---|
| | ജനറൽ<br>145/17-18 | | 23/15.2.18<br>1/28.7.17 | 248939<br>300000 | (0722101032435) തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. |
| 2. | എസ്.എസ്.എ<br>വിഹിതം<br>എസ് .സി .പി.<br>14/17-18 | എച്ച് എം<br>ഗവ.എൽ പി സ്കൂൾ | 4/17-18<br>20.7.17<br>13/17-18<br>22.2.18 | 50,000<br>40,000 | എസ്.എസ്.എ ജില്ല പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് (0722101032435) തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. |
| 3 | എസ്.എസ്.എ<br>വിഹിതം<br>ടി.എസ്.പി<br>എസ്0119/18 | എച്ച് എം<br>ഗവ.എൽ പി സ്കൂൾ | 3/17-18<br>20.7.17<br>16/17-18<br>9.3.18 | 200,000<br>331748/- | എസ്.എസ്.എ ജില്ല പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് (0722101032435) തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. |
| 4 | ഐ.കെ.എം-ന് വിഹിതം നൽകൽ<br>എസ്143/-18 | സെക്രട്ടറി | 7/17-18<br>29.8.17 | 100,000 | ചെക്ക് നം 6313396 തി.05.03.18 പ്രകാരം ഐ കെ എം എക്സിക്യൂട്ടിവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| 5 | പി.എം.ഏ.വൈ<br>വിഹിതം-ജനറൽ<br>എസ്14/18 | അസി.<br>സെക്രട്ടറി | 4/17-18<br>തി11.8.17 | 40,000 | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (346702010008545) തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. |
| 6 | പി.എം.ഏ.വൈ<br>വിഹിതം<br>എസ്.സി.പി<br>എസ്18/18 | അസി.<br>സെക്രട്ടറി | 2/17-18<br>തി11.8.17 | 90,000 | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (346702010008545) തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. |
| 7 | പി.എം.ഏ.വൈ<br>വിഹിതം<br>ടി എസ് പി | അസി.<br>സെക്രട്ടറി | 3/17-18<br>തി11.8.17 | 172500 | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (346702010008545) തുക ട്രാൻസ്ഫർ |

| | | | | | |
|---|---|---|---|---|---|
| | എസ്11/18 | | | | ക്രഡിറ്റ് ചെയ്തിട്ടുണ്ട്. |
| | | | ആകെ | 1847743 | |

## 3-6 മഴക്കാല പൂർവ്വ ശുചീകരണം -രേഖകൾ ഹാജരാക്കിയില്ല

| ചെക്ക് നമ്പർ തിയതി | തുക |
|---|---|
| 56403/28.06.2017 | 150000 |

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പരിസരങ്ങൾ ശുചീകരിക്കുന്നതിന് പി.എച്ച്.സി.മെഡിക്കൽ ഓഫീസർക്ക് തനത് ഫണ്ടിൽ നിന്നും മേൽ സൂചിത ചെക്ക് പ്രകാരം ₹150000/- നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലേക്ക് ₹10000/- വീതം ഇതിൽ നിന്ന് നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ 150000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല.

13.1.2010 ലെ സർക്കുലർ നമ്പർ 58608/ഡി.ബി 2/2009 ത.സ്വ.ഭവ പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്റർ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ്നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് ആസ്തി രജിസ്റ്റർ പരിശോധനയിൽ വ്യക്തമാണ്. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. നാളിതുവരെയുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി പുതുക്കി, സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പാലിയേറ്റീവ് കെയർ പ്രോജക്ട് - മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു മാനേജ്മെന്റ് കമ്മിറ്റി

രൂപീകരിക്കേണ്ടതാണ്(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23.08.2012-ലെ ജി.ഒ(എം.എസ്)228/2012 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 2.3 കാണുക). ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സെക്രട്ടറിയും ഭരണ സമിതിയംഗങ്ങൾ, സി.ഡി.എസ് ഭരണ സമിതിയംഗങ്ങൾ, ഇതര വിഭാഗം മെഡിക്കൽ ഓഫീസർമാർ തുടങ്ങിയവർ അംഗങ്ങളുമായ പ്രസ്തുത കമ്മിറ്റി 3 മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കമ്മിറ്റി നിർജ്ജീവമാണെന്ന് രേഖകൾ വെളിവാക്കുന്നു. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സജീവ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-9 മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല.

വാർഷിക പദ്ധതി നടത്തിപ്പിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടക്കുന്നില്ല.തെരുവ് വിളക്ക് സ്ഥാപിക്കൽ,സൈക്കിൾ വാങ്ങൽ,ലാപ്ടോപ്പ് വാങ്ങൽ തുടങ്ങിയ പ്രൊജക്ടുകൾ ടെണ്ടർ നടപടികളിലൂടെ നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയത് കരാറിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് മോണിട്ടറിംഗ് സമിതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും മോണിട്ടറിംഗ് സമിതിയുടെ ഇടപെടലുകൾ അനിവാര്യമാണ്.എല്ലാ സ്ററാൻഡിംഗ് കമ്മിറ്റികളുടെയും, വിശിഷ്യാ വികസന സ്റാറാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 3-10 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18ൽ 116 കുടുംബങ്ങൾക്ക്കൂടി തൊഴിൽ കാർഡ് നൽകുകയും 18 കുടുംബങ്ങളുടെ തൊഴിൽ കാർഡ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. 1368 കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിനു അപേക്ഷിക്കുകയും 1176 കാർഡുകളിലായി 70715തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു . 2017-18ൽ 247 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

## 3-11 തെരുവ് വിളക്കുകൾക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്ത് തൻവർഷം 4/17മാസം മുതൽ 3/18 വരെ ₹41510/- നിരക്കിൽ ₹498120/- കെ.എസ്.ഇ.ബി.-യിൽ അടച്ചിട്ടുണ്ട്. എന്നാൽ അവയുടെ ഇനം, തരം, എണ്ണം തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. മാത്രമല്ല, സംയുക്തപരിശോധനയും നടത്തിയിട്ടില്ല. 12.03.2013-ലെ 65529/ഡി.സി.3/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 2012-2013 വർഷം ₹300000/- കെ.എസ്.ഇ.ബി-യിൽ അടച്ചിട്ടുണ്ടെങ്കിലും പ്രോജക്ട് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച്

തൻവർഷം ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ 100 ടാപ്പുകൾക്ക് 4/17 മുതൽ 3/18വരെ ₹525000/-

ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. മാത്രമല്ല, വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന നിർദ്ദേശം (28.09.2011ലെ ജി.ഒ.(ആർ.ടി.)2242/2011/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ളത്) നാളിതുവരെയും പാലിച്ചിട്ടില്ല. താമസംവിനാ സംയുക്ത പരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 ആശ്രയ -അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു

ദാരിദ്ര്യ നിർമ്മാർജന ഉപ പദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി ആശ്രയ എന്ന സ്പഷ്ടമായ പ്രോജക്ട് ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതി നടത്തിപ്പിൽ വേണ്ടത്ര പുരോഗതിയില്ലെന്ന് രേഖകൾ വ്യക്തമാക്കുന്നു. ആശ്രയ അക്കൗണ്ടിൽ (അക്കൗണ്ട് നം. 3152802169 സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, അറക്കുളം ബ്രാഞ്ച്) 31.03.2017-ൽ ₹140,6057.60 ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആശ്രയ രണ്ടാംഘട്ട പ്രോജക്ട് പ്രകാരം 30 അഗതികൾക്ക് വാസയോഗ്യമായ വീട് ഇല്ലാത്തവരാണ് ഇവരുടെ ക്ഷേമത്തിനായി യാതൊരുപ്രവർത്തനങ്ങളും നടത്താതെ ₹140,6057.60 അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഉചിതമല്ല. അഗതികളുടെ ക്ഷേമത്തിനും വികസനത്തിനും ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ വിഷയം പരാമർശിച്ചിരുന്നെങ്കിലും ആയതിൻ മേൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

## 3-14 ഇ.എം.എസ്. ഭവന പദ്ധതി അക്കൗണ്ടിൽ തുക ബാക്കിനിൽക്കുന്നു.

അറക്കുളം ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി തുറന്ന വി.ഇ.ഒ.-യുടെ അക്കൗണ്ടിൽ (അക്കൗണ്ട് നം.6813) ₹2,85,826/- ബാക്കിനിൽപ്പുണ്ട്. ഈ തുക പഞ്ചായത്തിലേയ്ക്ക് തിരിച്ചടച്ച് സമാന പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് ഇടുക്കി | 2017-2018 | 42500 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 42500 | 0 |
| -ടി- | 2017-2018 | 100000/- | മുട്ടഗ്രാമം | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-2018 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഠന സ്കോളർഷിപ്പ് | 47000 | 153000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-2018 | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കുവപ്പിള്ളി-പുറപ്പിലങ്ങാട് കുടിവെള്ള പദ്ധതി | 7/17-18/ 12.01.18 | 250000 | 250000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 732050 |
| തൻവർഷം നിക്ഷേപിച്ച തുക | 73205 |
| ആകെ | 805255 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 805255 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്/ ബാങ്ക് /ട്രഷറി /പോസ്റ്റ് ഓഫീസ് | നിക്ഷേപിച്ച തിയതി കാലയളവ് | ആകെ | റിമാർക്സ് |
|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് എംപ്ലോയിസ് കോ ഓപ്പറേറ്റിവ് സൊസൈറ്റി നെടുങ്കണ്ടം | | 805255 | 13.06.2018 ൽ നിക്ഷേപം പിൻവലിച്ചു |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച **30153/-** രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-2/17 | 2-4 | 250 | മെറീന കെ.എ,ലക്ച്ചറർ | 1170201010628/31.07.2017 |
| - ടി- | 2-4 | 250 | അരുൺ പ്രസാദ് ലക്ച്ചറർ | 1170201010629/31.07.2017 |
| 2016-2017 | 2-4 | 250 | അജ്മൽ ഫിറോസ്, സ്കിൽ അസിസ്റ്റന്റ് | 117020101037/31.07.2017 |
| 2016-2017 | 2-4 | 250 | സ്മിത മോൾ, എൽ.ഡി.ടൈപ്പിസ്റ്റ് | 117020101088/31.07.2017 |
| 2016-2017 | 2-5 | 16632 | പട്ടികജാതി വികസന ഓഫീസർ, മൂലമറ്റം | 11702010101716/31.07.2017 |
| 2016-2017 | 2-5 | 10481 | ജില്ലാ പ്രോഗ്രാം മാനേജർ | 11702010104000/31.07.2017 |
| 2016-2017 | 3-1 | 2040 | ഷീബാ ജോൺസൺ | 117020101050033/31.07.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രത്യേക ഓഡിറ്റ് | | 2013-14 | 5-2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും | ലഭ്യമല്ല |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

ഇല്ല

ബി)സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | കോടതി വ്യവഹാരങ്ങളിൽ | | | |

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 32 | എം. എസ്. അന്നക്കുട്ടി, സെക്രട്ടറി | LF-28318/Spl. Cell/SC2/99 dt.16.1.2002 | 2219 | 2219/- നം..330/ 61030/ 31.3.2000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | |
| 2 | 1996-97 | 34 | ജയ്സമ്മ ജോസുകുട്ടി, പ്രസിഡന്റ് | LF-28318/Spl. Cell/SC2/99 dt.16.1.2002 | 6000 | 6000/- 27/10380/ 3.11.2001 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | |
| 3 | 2001-02 | 2-7 | തോമസ് ജേക്കബ്, അസി. എന്ജിനീയർ | LF-14471/Spl. Cell/SC2/05 dt.16.12.06 | 1536 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1536 | |
| 4 | 2003-04 | 3-5(1) | ഷാജി എം.എസ്, അസി. എൻജിനീയർ | LF-2497/Spl. Cell/SC2/08 dt.5.5.2010 | 8378 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8378 | |
| 5 | 2003-04 | 3-5(2) | ഷാജി എം.എസ്, അസി. എൻജിനീയർ | LF-1975/Spl. Cell/SC2/08 dt.5.5.2010 | 6502 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6502 | |
| 6 | 2008-09 | 2.6 | പി. എം. ജോണി, സെക്രട്ടറി | LF-1975/Spl. Cell/SC2/13 dt.10.3.15 | 38841 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 38841 | |
| 7 | 2013-14 | 3.1 | സജി തോമസ്, സെക്രട്ടറി | LF-1896/Spl. Cell/SC2/ 2016(1) dt.31.3.18 | 550000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 550000 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 8 | 2013-14 | 3.2 | സജി തോമസ്, സെക്രട്ടറി | LF-1896/Spl. Cell/SC2/ 2016(2) dt.31.3.18 | 210000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 210000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 98246618 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 101445520 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 12800 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 84348 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2420713 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 770 | | തുളസീധരൻ പിള്ള പി.എസ്.സെക്രട്ടറി |
| 2-2(ബി) | 12030 | | തുളസീധരൻ പിള്ള പി.എസ്.സെക്രട്ടറി |
| 3-1 | - | 84348 | ശ്രീ.ബാബു സി.കെ, അസി.എൻജിനീയർ |
| ആകെ | 12800 | 84348 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | 172970 | | തുളസീധരൻ പിള്ള പി.എസ്.സെക്രട്ടറി |
| 3-4 | 250000 | | തുളസീധരൻ പിള്ള പി.എസ്.സെക്രട്ടറി |
| 3-5 | 1847743 | 923495 | തുളസീധരൻ പിള്ള പി.എസ്.സെക്രട്ടറി |
| | | 302500 | പ്രദീപ് എസ് അസി.സെക്രട്ടറി |
| | | 621748 | പി.ആർ നാരായണൻ ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ |

| | | |
|---|---|---|
| 3-6 | 150000 | ഡോ.കെ.സി.ചാക്കോ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 2-2(സി), 2-2(ഡി) |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബാബു സി.കെ<br>അസി.എഞ്ചിനീയർ | കോടിക്കുളം ഗ്രാമപഞ്ചായത്ത് | ചെറുപുറത്ത്, കോതമംഗലം<br>പി.ഒ<br>എറണാകുളം ജില്ല. |
| തുളസീധരൻ പിള്ള,സെക്രട്ടറി | സെക്രട്ടറി, അറക്കുളം<br>ഗ്രാമപഞ്ചായത്ത് | പുഷ്പാലയം,<br>തൊടുപുഴ |
| പ്രദീപ് എസ് അസി.സെക്രട്ടറി | ജെ.എസ് വെള്ളറട ഗ്രാമപഞ്ചായത്ത് | സരോവരം,<br>മരുത്താമൻ,<br>കല്ലറ പി.ഒ |
| പി.ആർ നാരായണൻ,<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ,<br>ജി.എൽ.പി.എസ്,എടാട്ടുമല | പാമ്പനാചാലിൽ,<br>കുടയത്തൂർ പി.ഒ |
| ഡോ.കെ.സി.ചാക്കോ മെഡിക്കൽ<br>ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി,<br>അറക്കുളം ഗ്രാമപഞ്ചായത്ത് | കുന്നേൽ,<br>മുട്ടം പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേ ഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|

| | | | |
|---|---|---|---|
| 1996-1997 | എൽ.എഫ്.ഐ.9/285/98/16.10.98/ 30.11.98 | 21 | 29 മുതൽ 49 വരെ |
| 1997-1998 | എൽ.എഫ്.ഐ.9/416/99/19.02.2000 | 16 | 1, 9, 12, 13, 14, 20, 21, 23, 26(1, 2), 27, 29മുതൽ 32 വരെ, 34, 37 |
| 1998-1999 | എൽ.എഫ്.ഐ.9/293/2000/ 17.10.2000 | 19 | 12, 13, 14, 20 മുതൽ 26വരെ, 30, 32, 33, 35, 39, 40,41, 42, 44 |
| 1999-2000 | എൽ.എഫ്.ഐ.9/94/02/26.08.2002 | 18 | 9, 21 മുതൽ 37 വരെ |
| 2000-2001 | എൽ.എഫ്.ഐ.9/114/03/05.04.2003 | 9 | 20, 22 മുതൽ 29 വരെ |
| 2001-2002 | എൽ.എഫ്.ഐ.9/564/03/19.01.2004 | 23 | 2-1, 2-3 മുതൽ 2-8വരെ 3-1മുതൽ 3-16 വരെ |
| 2002-2003 | എൽ.എഫ്.ഐ.9/661/05/08.12.2006 | 15 | 1-1, 2-1, 2-2, 3-1മുതൽ 3-12 വരെ |
| 2003-2004 | എൽ.എഫ്.ഐ.9/448/06/13.10.2006 | 16 | 2-1മുതൽ 2-5വരെ 3-1മുതൽ 3-10 വരെ, 3-12 |
| 2014-2005 | എൽ.എഫ്.ഐ.9/1033/07/17.01.2008 | 18 | 2-1മുതൽ 2-12വരെ, 3-1, 3-3 മുതൽ 3-7 വരെ |
| 2005-2006 | എൽ.എഫ്.ഐ.9/559/08/21.09.2009 | 8 | 2-1മുതൽ 2-6വരെ, 3-1 മുതൽ 3-3 വരെ |
| 2006-2007 | എൽ.എഫ്.ഐ.9/570/10/10.06.2010 | 14 | 2-1 മുതൽ 2-4വരെ 3-1മുതൽ 3-10 വരെ |
| 2007-2008 | എൽ.എഫ്.ഐ.13/1439/13/ 06.01.2014 | 20 | 2-1 മുതൽ 2-8വരെ 3-1 മുതൽ3-14വരെ |
| 2008-2009 | കെ.എസ്.എ-ഐ.ഡി.കെ.13/1030/15/ 17.10.15 | 12 | 2-2 മുതൽ 2-6വരെ 3-1 മുതൽ 3-7വരെ |
| 2009-2010 | കെ.എസ്.എ-ഐ.ഡി.കെ.13/305/15/ 10.05.2016 | 10 | 2-2 മുതൽ2-5വരെ 3-1മുതൽ 3-5,വരെ 3-7 |
| 2010-2011 | കെ.എസ്.എ-ഐ.ഡി.കെ.13/1048/15/ 05.01.2016 | 16 | 2-2(ബി),2-3,2-4,2-5,2-6, 2-8,2-9, 3-2 മുതൽ3-9വരെ |
| 2011-2012 | കെ.എസ്.എ-ഐ.ഡി.കെ.13/744/16/ 14.11.2016 | 14 | 2-2 2-4 3-2,3-3,3-4,3-6, 3-7,3-8,3-9,3-10,3-11, |

| | | | |
|---|---|---|---|
| | | | 3-12,3-14,3-15 |
| 2012-2013 | കെ.എസ്.എ-ഐ.ഡി.കെ.13/1096/2014/ 13.11.2014 | 15 | 2-1,3-1,3-2,3-3, 3-6മുതൽ 3-16വരെ |
| 2013-2014 | കെ.എസ്.എ-ഐ.ഡി.കെ.13/1008/17/ 19.01.2018 | 25 | 2-1,2-2,2-3, 3-1മുതൽ 3-22വരെ |
| 2014-2015 | കെ.എസ്.എ-ഐ.ഡി.കെ.13945/18/ 01.09.2018 | 12 | 2-1മുതൽ 2-4വരെ 3-1 മുതൽ 3-8വരെ |
| 2015-2016 | കെ.എസ്.എ-ഐ.ഡി.കെ.13/1091/17/ 12.01.2018 | 9 | 3-1 മുതൽ 3-7വരെ, 3-9, 3-10 |
| 2016-2017 | കെ.എസ്.എ-ഐ.ഡി.കെ.13/44/18/ 22.03.2018 | 17 | 2-1,2-2,2-5,2-6,2-7 3-1,3-2, 3-4 മുതൽ 3-13വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ-13/1246/2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി:29.11.2018
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും

പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി